ആധുനിക ഫർണ്ണീച്ചറുകൾ ഇപ്പോൾ വിപണിയിൽ ലഭ്യമാണ്. വായുസഞ്ചാരത്തി നും പുറം ദൃശ്യങ്ങൾ കാണുന്നതിനും കഴിയുന്ന രീതിയിൽ കിടപ്പറ ഒരുക്കുന്നത് പിരിമുറുക്കം കുറയ്ക്കും. കിടപ്പറ പണിയുന്നതിനു മുമ്പായി സ്വന്തം ആവശ്യങ്ങൾ ഡിസൈനറോട് ചർച്ച ചെയ്ത് പ്ലാൻ ചെയ്തു നിർമ്മിക്കാവുന്നതാണ്.

കുട്ടികൾക്കുമാത്രമായി ബെഡ്റൂം ഒരുക്കുന്നവർ ശ്രദ്ധിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്. അവരുടെ പഠനമുറിയും കൂടി ഇതിൽ തന്നെയായിരിക്കുന്നത് നന്നായിരിക്കും. മുതിർന്നവരുടെ കിടപ്പറയ്ക്കു സ മീപം തന്നെയായിരിക്കണം ഇത്. മുറിയ്ക്കകത്ത് ഉപയോഗിക്കുന്ന ഫർണ്ണീച്ചറുകൾ മൂലകളില്ലാത്തതും വൃത്താകൃതിയിലുള്ളതുമായിരിക്കുന്നത് നന്നായിരിക്കും. മേശയും മറ്റും ഫാനിന്റെ നേരെ കീഴിൽ വരാത്ത വിധം അറേഞ്ചു ചെയ്തിരിക്കണം. ചുമരുകൾ വർണ്ണാഭമായിരിക്കുന്നതും ഗ്ലാസ് ഉപകരണങ്ങൾ ഇല്ലാത്തതുമായ രീതിയിൽ അറേഞ്ച് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.



ഹാൾ ഡിസൈൻ ചെയ്യുന്നതിനു മുമ്പായി അതിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടായിരിക്കണം എന്നകാര്യം ചിന്തിക്കണം. ചുമരോട് ചേർന്നുള്ള ഷോകെയ്സുകൾ, പുസ്തക അലമാറകൾ എന്നിവ നിർമ്മിക്കുന്ന കാര്യം ഫാനുകൾ എവിടെയെല്ലാം ഫിറ്റു ചെയ്തിരിക്കണം, ടി വി എവിടെ വയ്ക്കണം, പ്രത്യകം പൂജാമുറി ഉണ്ടാക്കുന്നില്ലെങ്കിൽ പൂജാസാമഗ്രികൾ വയ്ക്കാനുള്ള സ്ഥലം എന്നിവ ഹാളിൽതന്നെ അറേഞ്ചു ചെയ്യാവുന്നതാണ്.

ചെറിയ അടുക്കളയാണ് ഇന്നത്തെ ഫാഷൻ. അപ്പോൾ ഡയനിങ്ങ് ടേബിൾ ഹാളിൽ അറേഞ്ചു ചെയ്യുന്നവർ അടുക്കളയ്ക്കു സമീപം തന്നെ ഹാളിൽ ഇതിനുള്ള സ്ഥലം കണ്ടിരിക്കണം. ഹാളിന്റെ ഒരുവശത്ത് വൃത്തിയായി കർട്ടൺ വിരിച്ച് ഭക്ഷണമുറിയാക്കുന്നത് നന്നായിരിക്കും. അനാവശ്യ സാധനങ്ങൾ നിരത്തുന്നതിനുള്ള ലോഫ്റ്റുകൾ ഹാളിൽ ഇല്ലാതിരിക്കുന്നതായിരിക്കും കൂടുതൽ നല്ലത്.

ഹാളിൽ ഉപയോഗിക്കേണ്ട ഫർണ്ണീച്ചറുകളും പ്രത്യേകം തിരഞ്ഞെടുക്കാം. പഴമ വിളിച്ചോതുന്നതരത്തിലുള്ള പുതിയ ഫർണ്ണീച്ചറുകളാണ് ഇപ്പോഴത്തെ ഫാഷൻ. പഴയകാല ഫർണ്ണീച്ചറും ഇപ്പോൾ വിപണിയിൽ ലഭ്യമാണ്.

പുതുമയാർന്നതും കാണുന്നവരിൽ കൗതുകമുണർത്തുന്നതുമായ അലങ്കാരവസ്തുക്കളും ഹാളിൽ ഒരുക്കാം. ഇവയെല്ലാം ഒതുക്കത്തോടെയും എന്നാൽ പെട്ടന്നുതന്നെ ശ്രദ്ധയിൽപ്പെടുന്നതരത്തിലും അറേഞ്ചു ചെയ്താൽ നല്ലതും ഒതുക്കമുള്ളതുമായ ഒരു ഹാൾ ഒരുക്കാനാവും.

അടുക്കള ചെറുതാണെങ്കിലും അവിടെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്താൽ കൂടുതൽ സൗകര്യപ്രദമാക്കിമാറ്റാനാവും. ഗ്യാസ് സിലിണ്ടറിന് വീടിനകത്തു തന്നേയോ പുറത്തോ ആയി പ്രത്യേകം സ്ഥലം കണ്ടെത്തണം. സ്ഥിരമായി കൈകാര്യം ചെയ്യുന്ന അടുക്കളയുപകരണങ്ങൾ സൂക്ഷിക്കുന്നതിനും വലുപ്പചെറുപ്പമനുസരിച്ചു പാത്രങ്ങൾ സൂക്ഷിക്കുന്നതിനും തിട്ടിന് മുകളിലും താഴെയും വശങ്ങളിലുമായി സൗകര്യമൊരുക്കാനാവും. മിക്സി, ഗ്രൈന്റർ, ജ്യൂസർ തുടങ്ങിയവ സൂക്ഷിക്കുന്ന സ്ഥലത്തിനും ഗ്യാസ് അടുപ്പിനും ഇടയിലായി ചെറിയ പാത്രങ്ങൾ കഴുകുന്നതിനും മറ്റുമായി ഒരു വാഷ് ബേസനും കൂടി സ്ഥലം കാണുന്നത് കൂടുതൽ സൗകര്യമൊരുക്കും.

വർക്ക് ഏരിയയും പൊതുബാത്ത് റൂമും അടുത്തടുത്താവുമ്പോൾ അടുക്കളയെ ഫേസ് ചെയ്ത് ബാത്ത്റൂമിന്റെ വാതിൽ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണമുറിയും അടുക്കളയും താണ്ടി പൊതു ബാത്ത്റൂമിലേക്ക് വരാതിരിക്കത്തക്കവിധം അറേഞ്ചു ചെയ്താൽ പ്രത്യേക സന്ദർഭങ്ങളിൽ വിരുന്നുകാർക്കും വീട്ടുകാർക്കും ബുദ്ധിമുട്ടേണ്ടി വരില്ല. മാത്രമല്ല അടുക്കളയ്ക്കടുത്തുതന്നെ ബാത്ത് റൂം ഇല്ലാതിരിക്കുന്നത് ആരോഗ്യത്തിനും അടുക്കളജോലി കൂടുതൽ ആസ്വദിച്ചു ചെയ്യുന്നതിനും സഹായകമാണെന്നു കണ്ടെത്തിയിട്ടുണ്ട്.



Build STRONG WITH Diamond Cement
DIAMOND CEMENT
The people's choice
IS : 1489
PART - 1
Cement
Net Quantity 50 Kg
DIAMOND CEMENT
DIAMOND CEMENT
The people's choice
PORTLAND POZZOLANA CEMENT
FLY ASH BASED CEMENT
BEST BEFORE 3 MONTH FROM DATE OF PACKING
M.R.P.Rs :380/- (INCL OF ALL TAXES)
Quality is our priority
Toll Free - 1800 425 6059
www.diamondcements.com